നമുക്ക് മരണം എന്താണ്? നമ്മെ മരണം എവിടെ എത്തിക്കും? മരണാനന്തര ജീവിതത്തിന്റെ ഭദ്രത നാം നേടിയിട്ടുണ്ടോ? മരണം എന്ന അക്ഷരത്രയങ്ങളിൽ നാം ഭയവിഹ്വലരായി മാറുന്നുവോ? ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്നു യേശുനാഥൻ പറഞ്ഞു. യേശു കർത്താവ് താങ്കളെ സ്നേഹിക്കുന്നു. രക്ഷിക്കാൻ ആഗ്രഹിക്കുന്നു. ഈ ആത്മരക്ഷ നേടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഹൃദയ നുറുക്കത്തോടെ ഇങ്ങനെ പ്രാർത്ഥിക്കുക.
“കർത്താവായ യേശുവെ എനിക്കു അങ്ങയെ ആവശ്യമുണ്ട്. ഞാൻ നഷ്ടപ്പെട്ട ഒരു പാപിയാണ്. അവിടുന്ന് എനിക്ക് പകരം മരിച്ചു. എന്റെ മരണത്തെ നീക്കിയെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങയെ എന്റെ രക്ഷകനും നാഥനുമായി ഞാൻ സ്വീകരിക്കുന്നു. എന്നെ രക്ഷിക്കേണമെ” ആമേൻ. ഈ രക്ഷയുടെ അനുഭവത്തിൽ തുടർന്നു ജീവിക്കുക. ഇത് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.

ഞങ്ങളുടെ പ്രിയപ്പെട്ട പപ്പയും മൗനമായി ഈ സന്ദേശം തന്നെയാണ് താങ്കളോടു പറയുന്നത്.

## നന്ദി...

തിടുക്കമുള്ള ജീവിത വേളകളിൽ നിന്ന് ഒരല്പം സമയം കണ്ടെത്തി ഞങ്ങളുടെ പ്രിയ പിതാവിന്റെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും, ഞങ്ങളെ ആശ്വസിപ്പിക്കയും ചെയ്തതിന് ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് നന്ദി...


**Heart Felt Condolence**

- **Gift Flour Mill,** Thrikkannamangal, Kottarakara.
- **Oliver Digital Art,** Kottarakara.(www.oliverdigitalart.com)
- **Aaron Events,** (www.aaronevents.com)
  Kottarakara | Mavelikara| Ernakulam| Dubai
- www.EXODUSTV.com & www.RADIOMANNA.com

NB: Funeral Service Live webcast on www.aaronevents.com


Printed @ Oliver Digital Art/ 9847984721

# അനശ്വര തീരത്തേക്ക്...



# പി. ഡി. കുഞ്ഞു തോമസ് (67)
# (പൊടിമോൻ)

## പാലൂർ തെക്കേതിൽ, തൃക്കണ്ണമംഗൽ

ജനനം : 24.05.1947 മരണം : 9.02.2014

സംസ്കാര ശുശ്രൂഷ : 2014 ഫെബ്രുവരി 13 വ്യാഴം

ഞാനോ, നീതിയിൽ നിന്റെ മുഖത്തെ കാണും;
ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും.
(സങ്കീ:17:15)

കൊട്ടാരക്കര തൃക്കണ്ണമംഗൽ പാലൂർ തെക്കേതിൽ പി.ഒ.ഡാനിയേലിന്റെയും അന്നമ്മ ഡാനിയേലിന്റെയും രണ്ടാമത്തെ മകനായി 1947 മെയ് 24ന് പൊടിമോൻ എന്ന വിളി പേരുള്ള പി.ഡി.കുഞ്ഞുതോമസ് ജനിച്ചു. ചെറു പ്രായത്തിൽ തന്നെ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് വേർപാടിന്റെ അനുഭവത്തിലേക്ക് കടന്നു വന്നു. മരണം വരെ ദൈവകൃപയിൽ വിശ്വസ്തനായി നിലനിൽക്കുവാൻ ദൈവം ഇടവരുത്തി.

1969 ആഗസ്റ്റ് 28 അടൂർ കിളിവയലിൽ പുളിവിളയിൽ (പകലോമറ്റം)കുടുംബാംഗമായ മറിയാമ്മയെ (കുഞ്ഞുമോൾ) വിവാഹം കഴിച്ചു. ദാമ്പത്യത്തെ ദൈവം മാനിച്ച് മൂന്നു മക്കളെ ദാനമായി നൽകി. അവരെ ദൈവഭക്തിയിൽ വളർത്തുവാനും കുടുംബസ്ഥരാക്കാനും വലിയവനായ ദൈവം കൃപയേകി. ജോലിയോടുള്ള ബന്ധത്തിൽ ദീർഘ വർഷങ്ങളായി ഭിലായി സ്റ്റീൽ പ്ലാന്റിലും, തുടർന്ന് ചില വർഷങ്ങൾ കുവൈറ്റിലും തുടർന്ന് നാട്ടിൽ സ്വന്തമായി ബിസിനസ്സുകൾ ചെയ്യുവാനും വലിയവനായ ദൈവം കൃപ നൽകി. കഴിഞ്ഞ ചില ആഴ്ചകളിൽ ശാരീരികമായ അസുഖം മൂലം ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്നു.

2014 ഫെബ്രുവരി 9ാം തീയതി രാത്രി 9–ന് താൻ പ്രിയം വച്ച കർത്തൃസവിധേ ചേർക്കപ്പെട്ടു.
വീണ്ടും കാണാം എന്ന നിറഞ്ഞ പ്രത്യാശയോടെ......
**ഭാര്യ : മറിയാമ്മ തോമസ് (കുഞ്ഞുമോൾ)**

| **മക്കൾ:** | **മരുമക്കൾ:** | **കൊച്ചുമക്കൾ:** |
|---|---|---|
| **മിനി** | **ജോൺസൺ** | **ജെയ്മി,ആഷ്‌ലി,ജെനറ്റ്** |
| **അനു** | **റൈറ്റസ്** | **ഹാന, എൽസ** |
| **ഡെന്നി** | **ജിജി** | |

**സഹോദരങ്ങൾ:** പരേതനായ **ജേക്കബ് ഡാനിയേൽ**
**ഡെയ്സി ജേക്കബ് (ബാംഗ്ലൂർ)**

## ഒരു നിമിഷം .......

നമ്മുടെ ഏവരുടെയും പ്രിയങ്കരനായിരുന്ന ഞങ്ങളുടെ പപ്പയുടെ മരണത്തിനും സംസ്കാരത്തിനും നാം സാക്ഷികളായി.തികച്ചും അപ്രതീക്ഷിതമായി അത് സംഭവിച്ചു.

കുടിൽതൊട്ട് കൊട്ടാരം വരെയും ഭാഷയ്ക്കും ദേശത്തിനും ഒക്കെ അപ്പുറമായി മരണം ശക്തിയോടെ വിജയനൃത്തം ചവിട്ടുന്നു. ജീവിതങ്ങൾ ഒന്നൊന്നായി പിടഞ്ഞു വീഴുന്നു. ഇതിനൊരന്തമില്ലേയെന്ന് നിർദ്ദോഷികൾ ചോദിക്കുന്നു. മനുഷ്യാരംഭം മുതലുള്ള ഒരു വലിയ ചോദ്യം തന്നെയാണിത്.

എന്താണ് മരണം? മതവും ശാസ്ത്രവും ഗവേഷണവും എല്ലാം നിരവധി മറുപടികൾ പറയുന്നുണ്ടെങ്കിലും മരണം എന്ന വാക്ക് ആദ്യം ഉച്ചരിച്ച ദൈവം പറയുന്നു 'പാപത്തിന്റെ ശമ്പളമാണ് മരണം'എന്ന് ശരീരവും ജീവനും ആത്മാവും തമ്മിലുള്ള ബന്ധങ്ങൾ അഴിഞ്ഞു പോകുന്ന രംഗമാണ് മരണം.
ദൈവ സൃഷ്ടിയായ മനുഷ്യൻ പാപത്താൽ ദൈവത്തിൽ നിന്ന് എന്നന്നേക്കുമായി വേർപെട്ട് നരകത്തിൽ പതിക്കുന്ന ദുരന്തമാണ് യഥാർത്ഥ മരണം. ലാസറിന്റെയും ധനവാന്റെയും അനുഭവത്തിൽ യേശു വെളിപ്പെടുത്തുന്നത് ഈ സത്യമാണ്.
ലൂക്കോ. 16:19– 31. ധനവാൻ നരകത്തിന്റെ രുചി അറിഞ്ഞു. ലാസറോ പറുദീസ പ്രാപിച്ചു. കിടപ്പാടവും വസ്ത്രവും ഭക്ഷണവും ഇല്ലാതിരുന്ന ദരിദ്രനും രോഗിയുമായിരുന്നു ലാസർ.
പക്ഷെ നരകവാതിൽ ഒഴിഞ്ഞുപോകാൻ മാനസാന്തരവും യേശുവിലുള്ള രക്ഷയും അവൻ സ്വന്തമാക്കിയിരുന്നു.

മരണാനന്തരം എന്ത്?എവിടെ? എന്നീ ചോദ്യങ്ങൾ മനുഷ്യനെ അസ്വസ്ഥനാക്കുകയാണ്. യേശുക്രിസ്തുവിനെ അവസാന നിമിഷം സ്വീകരിച്ച കള്ളന് സ്വർഗ്ഗം സമ്മാനിച്ച കർത്താവ് ഇന്നും തന്നിൽ വിശ്വസിച്ച് ഏറ്റു പറയുന്നവന് രക്ഷയും നിത്യ ജീവനും നല്കി സ്വർഗ്ഗാവകാശിയാക്കുന്നു. വിശുദ്ധ പൗലോസ് വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടു കൂടി ഇരിക്കുന്നത് അത്യുത്തമം എന്നാണ് പറഞ്ഞത്.